ദേവാലയാക്രമണം

65 [56] ശ്രീ. എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം എത്ര ദേവാലയങ്ങൾ ആക്രമിക്കപ്പെട്ടു;

(ബി) ഇതിൽ മുസ്ലീം പള്ളികളെത്ര; ക്രൈസ്തവൻ പള്ളികളെത്ര;

(സി) ഇനം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 29

(ബി) മുസ്ലീം പള്ളികൾ—3, ക്രൈസ്തവൻ പള്ളികൾ—15

(സി) ഹിന്ദു ദേവാലയം—11
മുസ്ലീം പള്ളി—3
ക്രിസ്തവൻ പള്ളി—15

വെടിവെയ്പുകൾ

49 [57] ശ്രീ. സി.ടി. കൃഷ്ണൻ:
,, എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം 1986 മേയ് 30വരെ സംസ്ഥാനത്ത് എത്ര വെടിവെയ്പ്പുകൾ നടന്നിട്ടുണ്ട്; ഇതിൽ എത്ര പേർ കൊല്ലപ്പെട്ടു?

ഉത്തരം

35 വെടിവെയ്പ്പുകൾ നടന്നു. അതിൽ 10 പേർ കൊല്ലപ്പെട്ടു.

സംസ്ഥാനത്തെ കുറ്റകൃത്യങ്ങളുടെ കണക്ക്

50 [58] ശ്രീ. സി.ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിന് ശേഷം 1986 മേയ് 30 വരെ കേരളത്തിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങൾ എത്ര?

ഉത്തരം

79 രാഷ്ട്രീയ കൊലപാതകങ്ങൾ ഉണ്ടായിട്ടുണ്ട്.

പോലീസ് വകുപ്പിലെ മാറ്റങ്ങൾ

51 [59] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് വകുപ്പിൽ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly